# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6462      21.11.2019 -ൽ മറുപടിക്ക്

## മാതൃഭാഷാ പഠനത്തിനോടൊപ്പം ഇംഗ്ലീഷും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പ്രീപ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂളുകളിൽ മാതൃഭാഷാ പഠനത്തിന് ഊന്നൽ നൽകിയുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | ഇതിനായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | ബി | ഹയർസെക്കന്ററി തലം വരെ മാതൃഭാഷാ പഠനത്തിന് പാഠപുസ്തകങ്ങൾ നിലവിലുണ്ട്. പ്രീപ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂളുകളിൽ മാതൃഭാഷാ പഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് എസ്.എസ്.കെ യുടെ നേതൃത്വത്തിൽ " മലയാളത്തിളക്കം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| സി | മലയാളഭാഷാ പഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | സി | ഉണ്ട്. ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ഡി | സംസ്ഥാനത്ത് പല സ്കൂളുകളിലും, ഇംഗ്ലീഷ് പഠിപ്പിക്കുന്നത് ഇംഗ്ലീഷിൽ ബിരുദം ഇല്ലാത്തവരാണെന്നത് | ഡി | ഹൈസ്കൂൾ, ഹയർസെക്കന്ററി തലങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും നിശ്ചിത |

| | | | |
|---|---|---|---|
| | വസ്തുതയല്ലേ; എങ്കിൽ എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ച് മലയാളഭാഷാ പഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷാപഠനം കൂടി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | | യോഗ്യതയുള്ളവരെ മാത്രം നിയമിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ജി.ഒ (എം.എസ്) നം.11/2002/പൊ.വി.വ തീയതി 07.01.2002 പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ മിനിമം 5 ഡിവിഷൻ ഉണ്ടെങ്കിലാണ് എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക അനുവദിക്കുന്നത്. കുട്ടികൾ തീരെ കുറഞ്ഞത് കാരണം ഹൈസ്കൂൾ വിഭാഗത്തിൽ 5 ഡിവിഷനിൽ കുറവുള്ള സ്കൂളുകളിൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ സാധ്യമല്ല. പ്രസ്തുത വിഭാഗം സ്കൂളുകളിൽ, മുകളിൽ സൂചിപ്പിച്ച 07.01.2002 ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് ചെയ്യുന്നതു പോലെ എച്ച്.എസ്.റ്റി കോർ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**